**പതിനഞ്ചാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2314** **13-09-2023-ൽ മറുപടിയ്ക്ക്**

## എസ്.എ.ടി. ആശുപത്രി ക്രമക്കേട് അന്വേഷണം

| **ചോദ്യം ഉന്നയിച്ച അംഗങ്ങൾ** | **മറുപടി നൽകിയ മന്ത്രി** |
|---|---|
| ഡോ. എം. കെ. മുനീർ | ശ്രീ. കെ. മുരളീധരൻ |
| ഡോ. എം. കെ. മുനീർ | (ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി) |

**(എ)** എസ്.എ.ടി. ആശുപത്രിയിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട വകുപ്പുതല അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

**മറുപടി: എസ്.എ.ടി. ആശുപത്രി ക്രമക്കേടുമായി ബന്ധപ്പെട്ട് ഡി.എം.ഇ തലത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.**

**(ബി)** വകുപ്പ് തല അന്വേഷണത്തിൽ കണ്ടെത്തിയ ക്രമക്കേടുകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

**മറുപടി: വകുപ്പ് തല അന്വേഷണത്തിൽ കണ്ടെത്തിയവ ചുവടെ ചേർക്കുന്നു.**

**1. ആശുപത്രി വികസനസമിതി അക്കൗണ്ടിൽ നിന്നും ലേ സെക്രട്ടറി & ട്രഷറർ, സെക്ഷൻ ക്ലർക്ക് എന്നിവർ ബാങ്ക് സ്റ്റേറ്റ്മെന്റിൽ കൃത്രിമം കാണിച്ച് ബോണസ് ഇനത്തിൽ തുക കൈപ്പറ്റിയത്**

**2. ആശുപത്രി വികസന സമിതി, ഫാർമസി, ലാബ് എന്നിവിടങ്ങളിൽ നിന്നും ഇൻസെന്റീവ് ഇനത്തിൽ തുക കൈപ്പറ്റിയത്.**

**3. ആർ.എസ്.ബി.വൈ, കാസ്പ് (KASP) പ്രവർത്തനങ്ങൾക്കായി ജീവനക്കാരെ നിയമിച്ചതിലെ അപാകതകൾ**

**4. എസ്.എ.ടി ആശുപത്രിയിൽ ആശുപത്രി വികസനസമിതിക്ക് കീഴിൽ ആരംഭിച്ച ലാബ്, ഫാർമസി എന്നിവയ്ക്ക് വേണ്ടി അനധികൃതമായി തുക ചെലവഴിച്ചത്.**

**5. ആശുപത്രി വികസനസമിതി ബനവലന്റ് ഫണ്ടിലെ ക്രമക്കേടുകൾ**

**6. കോവിഡ് ബ്രിഗേഡിൽ നിന്നും നിയമിക്കപ്പെട്ട ജീവനക്കാർക്ക് നൽകേണ്ട വേതനം സഹകരണ ബാങ്കിലേയ്ക്ക് നൽകിയതിലെ ക്രമക്കേടുകൾ.**

**7.പീഡിയാട്രിക് കാർഡിയോളജി വിഭാഗത്തിൽ സർക്കാർ വാങ്ങിനൽകിയ ഉപകരണങ്ങളിൽ നിന്നുള്ള ലാഭവിഹിതം സർക്കാർ ശീർഷകത്തിൽ അടയ്ക്കാത്തത്.**

**8. ആശുപത്രി വികസന സമിതിയ്ക്ക് കീഴിൽ പുതിയ കെട്ടിടം (മാതൃസ്പർശം) തുടങ്ങുന്നതിനായി കെട്ടിടം നവീകരിച്ചതിലെ ക്രമക്കേടുകൾ.**

**9. ആശുപത്രി വികസന സമിതി നേരിട്ട് നടത്തുന്ന സ്ഥാപനങ്ങളിലെ വെള്ളക്കരം, വൈദ്യുതി ചാർജ്ജ് എന്നിവ ഈടാക്കി സർക്കാരിൽ അടയ്ക്കാത്തത് സംബന്ധിച്ച്.**

**10. മാനദണ്ഡങ്ങൾ പാലിക്കാതെ വാങ്ങലുകൾ നടത്തിയതിലെ ക്രമക്കേടുകൾ**

**11. എച്ച്.ഡി.എസ്-ന് കീഴിലുള്ള പുതിയ ലാബിന്റെ നവീകരണത്തിന് ടെണ്ടർ/ ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതെ തുക ചെലവഴിച്ചതിലെ ക്രമക്കേടുകൾ**

**12. എച്ച്.ഡി.എസ് കമ്മിറ്റിയോ ആശുപത്രിയോ തീരുമാനമെടുക്കാതെ എച്ച്.ഡി.എസ്-ന് കീഴിൽ പുതിയ ഇമ്മ്യൂണോളജി അനലൈസറും ഹോർമോൺ അനലൈസറും സ്ഥാപിച്ചതിലെ ക്രമക്കേടുകൾ**

**13. ആശുപത്രി വികസന സമിതിയുടെ കീഴിൽ എസ്.എ.റ്റി ആശുപത്രിയിൽ പ്രവർത്തിക്കുന്ന മാതൃസ്പർശം ഫാർമസിയുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ**

**14. ശ്രീ.അവിട്ടം തിരുനാൾ ഹോസ്പിറ്റൽ ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റി (SATHHES) യുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ**

**(സി)** വകുപ്പുതല അന്വേഷണ റിപ്പോർട്ടിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

**മറുപടി:** ശ്രീ.അവിട്ടം തിരുനാൾ ആശുപത്രിയിൽ നടത്തിയ വിവിധ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് സസ്പെന്റ് ചെയ്യപ്പെട്ട ലേ സെക്രട്ടറി & ട്രഷറർക്കെതിരെ കെ.സി.എസ് (സിസി&എ) റൂൾസ് ചട്ടം 15 പ്രകാരം ഗുരുതരമായ ശിക്ഷകൾ ചുമത്തുന്നതിനുള്ള നടപടിക്രമങ്ങൾ പാലിച്ച് അച്ചടക്കനടപടി തുടരുന്നതിനും അന്വേഷണത്തിൽ കുറ്റക്കാരെന്ന് കണ്ടെത്തിയ / വിവിധ ക്രമക്കേടുകളിൽ ഉൾപ്പെട്ട മറ്റ് ജീവനക്കാർക്കെതിരെ ഉചിതമായ അച്ചടക്കനടപടി സ്വീകരിക്കുന്നതിനും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ശ്രീ.അവിട്ടം തിരുനാൾ ആശുപത്രിയിലെ ക്രമക്കേടുകൾ സംബന്ധിച്ച് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ തലത്തിലെ അന്വേഷണ സമിതിയുടെ ശുപാർശകൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കാനും, ആയതിൽ സർക്കാർ അനുമതി ആവശ്യമുള്ള വിഷയങ്ങളിൽ പ്രൊപ്പോസലുകൾ ലഭ്യമാക്കുന്നതിനും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**